## പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ – 6852** — **10.07.2014 ലെ മറുപടിയ്ക്ക്**

### അങ്കമാലി നിയോജകമണ്ഡലത്തിലെ കനാൽ ബണ്ട് റോഡുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| എ) അങ്കമാലി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിലുള്ള കനാൽ ബണ്ട് റോഡുകൾ ഏതെല്ലാമെന്ന് പഞ്ചായത്തുതിരിച്ച് വിശദമാക്കുമോ; | എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ കനാൽ ബണ്ടുറോഡുകളുടെ പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് ഇതോടൊപ്പം പ്രത്യേകമായി ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം -1) |
| ബി) പ്രസ്തുത റോഡുകളുടെ പുനഃരുദ്ധാരണപ്രവൃത്തികൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ | ബി) | ഇടമലയാർ പ്രോജക്റ്റിന്റെ ഭാഗമായുള്ള മെയിൻ കനാൽ ചെയിനേജ് 16360 മീറ്റർ മുതൽ 26018 മീറ്റർ വരെയുള്ള ബണ്ടുറോഡുകളുടെ പുനരുദ്ധാരണപ്രവർത്തികൾ 2013-14 വർഷത്തെ ഐ.ഐ.പിയുടെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി അനുമതി നൽകുകയും ഈ വർഷം പുനരുദ്ധാരണ പ്രവർത്തികൾ ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. ചാലക്കുടി റിവർ ഡൈവർഷൻ സ്കീമിൽ (CRDS) ഉൾപ്പെട്ട അങ്കമാലി മണ്ഡലത്തിൽ വരുന്ന 11 വർക്കുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇടതുകര കനാലിന്റെ 3/600 തുടങ്ങി 4/600 Km വരെയുള്ള ബണ്ട് റോഡ് പണിയ്ക്ക് G.O(Rt) No.97/2014/WRD dated 29/1/2014 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. വർക്ക് ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ CRDS - urgent reconstruction of Manjapra Branch canal Phase II - എന്ന work ന് G.O(Rt) No. 227/2014/WRD dated 28/2/2014 പ്രകാരം MLA-LAC-ADF സ്കീമിൽ ഉൾപ്പെടുത്തി 52 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 34 ലക്ഷം രൂപ ബണ്ടിലൂടെയുള്ള PWD road നാണ് വകയിരുത്തിയിരിക്കുന്നത് ഇത് ടെണ്ടർ ചെയ്യേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത റോഡുകളുടെ പുനഃരുദ്ധാരണപ്രവൃത്തികൾക്കായി തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) | 2013 -14 വർഷത്തെ IIP യുടെ Action Plan ൽ ഉൾപ്പെടുത്തി അങ്കമാലി മണ്ഡലത്തിൽ വരുന്ന ബണ്ട് റോഡുകളുടെ പുനരുദ്ധാരണത്തിനായി 134 ലക്ഷം രൂപയ്ക്കുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ CRDS ൽ ഉൾപ്പെടുന്ന 11 വർക്കുകൾ 4701-80-800-76 (02) priority work എന്ന ഹെഡിൽ G.O(Rt) No. 1308/2011/WRD dated 29/12/2011 പ്രകാരം 96.08 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ എടക്കാട് ചുള്ളി ബ്രാഞ്ച് കനാലിന്റെ ബണ്ട് റോഡിന് പകരം ഇടതുകര കനാലിന്റെ 3/600 മീറ്റർ മുതൽ 4/600 Km വരെയുള്ള ബണ്ട് റോഡ് പണിയ്ക്ക് G.O(Rt) No. 97/2014/WRD dated 29/1/2014 പ്രകാരം 7.23 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ G.O(Rt) No. 227/2014/WRD dated 28/2/2014 പ്രകാരം MLA-LAC-ADF സ്കീമിൽ മഞ്ഞപ്രകനാലിന്റെ പുനർ നിർമ്മാണത്തിന്റെ ഭാഗമായി അനുമതി നൽകിയ 52 ലക്ഷം രൂപയിൽ 34 ലക്ഷം രൂപ ബണ്ടിലൂടെയുള്ള PWD റോഡിനു വകയിരുത്തിയിട്ടുണ്ട്. |
| ഡി) | അനുവദിച്ചതുക സംബന്ധിച്ച ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ; | ഡി) | മേൽപറഞ്ഞ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| ഇ) | ജലവിഭവ വകുപ്പിന്റെ കീഴിലുണ്ടായിരുന്ന കനാൽ ബണ്ട് റോഡുകൾ പഞ്ചായത്തിന് വിട്ടുകൊടുത്തിട്ടുണ്ടോ | ഇ) & എഫ്) | ബണ്ട് റോഡുകൾ ഒന്നും പഞ്ചായത്തിന് വിട്ടുകൊടുത്തിട്ടില്ല. |
| എഫ്) | എങ്കിൽ പ്രസ്തുത റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | | |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

Tomy P.J.

**സെക്ഷൻ ഓഫീസർ**